(ബി) സ്പെഷ്യൽ റിക്രൂട്ട്മെൻറ് വഴി ഇലക്ട്രിക്കൽ ഇൻസ്പെക്ടറായി നിയമനം ലഭിച്ച ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ പ്രൊബേഷൻ രണ്ടു കൊല്ലം സർവ്വീസ് പൂർത്തിയാക്കിയ തീയതി മുതൽ ഡിക്ലയർ ചെയ്യാൻ വേണ്ട സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അതാതു വകുപ്പുകളെ സംബന്ധിക്കുന്ന സ്പെഷ്യൽ റൂൾസിൽ ഉൾക്കൊള്ളിച്ചിട്ടുള്ള നിബന്ധനകൾക്കു വിധേയമായാണ് പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നത്. പ്രത്യേകമായി മറ്റു നിബന്ധനകളൊന്നുമില്ലെങ്കിൽ (ടെസ്റ്റ്, ട്രെയിനിംഗ്) മുതലായവ ചട്ടങ്ങളിൽ പറയുന്ന കാലം തൃപ്തികരമായി സേവനം നടത്തിയെന്ന് ബന്ധപ്പെട്ട മേലധികാരികൾക്കു ബോദ്ധ്യപ്പെടുകയാണെങ്കിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യാവുന്നതാണ്.

(ബി) ഇക്കാര്യത്തിൽ സർവ്വീസ് ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കുന്നതാണ്.

പൊതു വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥൻമാർ

827 [1252] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ പൊതു വിദ്യാഭ്യാസ വകുപ്പിൽ ഇപ്പോൾ എത്ര ഡെപ്യൂട്ടി സെക്രട്ടറി, അഡീഷണൽ സെക്രട്ടറി, തുടങ്ങിയവരുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർ ഓരോരുത്തരും ഈ തസ്തികകളിലായിട്ട് ഇപ്പോൾ എത്ര വർഷം വീതമായെന്ന് വ്യക്തമാക്കുമോ;

(സി) മൂന്നു വർഷം കഴിഞ്ഞിട്ടുള്ളവരെ സെക്രട്ടേറിയറ്റിലെ മറ്റു വകുപ്പുകളിലേക്കു മാറ്റാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതു വിദ്യാഭ്യാസ വകുപ്പിൽ അഡീഷണൻ സെക്രട്ടറിമാർ ആരും തന്നെയില്ല. മറ്റു ഉദ്യോഗസ്ഥൻമാരുടെ വിവരം താഴെ കൊടുക്കുന്നുണ്ട്.

ജോയിൻറ് സെക്രട്ടറി	- 3
ഡെപ്യൂട്ടി സെക്രട്ടറി	- 2
അണ്ടർ സെക്രട്ടറി	- 4

LIBRARY ARCHIVES Kerala Legislative Assembly

ജോയിൻറ് സെക്രട്ടറിമാർ:

ശ്രീ. പി. കരുണാകരൻ നായർ	10 മാസം
ശ്രീ. പി. എസ്. രാമൻ പിള്ള	1 വർഷം, 2 മാസം
ശ്രീമതി ഇ. ആർ. പത്മിനി	2 മാസം

ഡെപ്യൂട്ടി സെക്രട്ടറിമാർ:

ശ്രീ. തോമസ് ചെറിയാൻ	1 വർഷം, 2മാസം
ശ്രീ. റ്റി. പി. വാസുദേവൻ നായർ	10 മാസം

അണ്ടർ സെക്രട്ടറിമാർ :

ശ്രീ. എം. ആർ. ചെല്ലപ്പൻ നായർ	1 വർഷം, 9 മാസം.
ശ്രീ. എം. കെ. സാംബൻ	2 മാസം.
ശ്രീ. എസ്. സുബ്രഹ്മണ്യം	11 മാസം.
ശ്രീമതി പി. ഗോമതി അമ്മ	2 വർഷം, 7 മാസം.

(സി) ഉദിക്കുന്നില്ല.

കൊട്ടാരം ജീവനക്കാർക്കുള്ള പെൻഷൻ

828. [1253] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പാലസ് പെൻഷനേഴ്സിന് അതാതു കാലങ്ങളിൽ ഗവൺമെൻറ് അനുവദിച്ചു വരുന്ന പെൻഷൻ വർദ്ധനവ് നൽകുന്ന കാര്യത്തിൽ ഇന്നുള്ള കാലതാമസം ഒഴിവാക്കാനായി പൊതുവായ ഉത്തരവ് പുറപ്പെടുവിക്കുമ്പോഴേതന്നെ അവരെക്കൂടി ഉൾപ്പെടുത്താൻ വേണ്ട നടപടികൂടി കൈക്കൊള്ളുമോ?

ഉത്തരം

കേരള സർവ്വീസ് ചട്ടങ്ങളുടെ പരിധിയിൽ വരുന്നവരെ ഉദ്ദേശിച്ചാണ് പൊതു ഉത്തരവുകൾ പുറപ്പെടുവിക്കുന്നത്. പാലസ് പെൻഷനേഴ്സ് ഈ ചട്ടങ്ങളുടെ പരിധിയിൽ വരാത്തതിനാൽ അവരുടെ കാര്യത്തിൽ പ്രത്യേക ഉത്തരവുകൾ ആവശ്യമാണ്. പ്രത്യേക ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനു സാമ്പത്തിക ബാദ്ധ്യതകളും മറ്റും പരിഗണിക്കേണ്ടതിനാൽ അൽപ്പം താമസം നേരിടാറുണ്ട്. ഈ കാലതാമസം കഴിയുന്നത്ര ഒഴിവാക്കാൻ ശ്രമിക്കുന്നതാണ്.

സ്പെഷ്യൽ റിക്രൂട്ട്മെൻറ്

829 [1254] ശ്രീ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977 ജനുവരി ഒന്നാം തീയതിക്കുശേഷം സംസ്ഥാനത്താകമാനം എത്ര ഹരിജൻങ്ങളെ സ്പെഷ്യൽ റിക്രൂട്ട്മെൻറ് മുഖാന്തിരം നിയമിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly